"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- അഴൂർ ഗവ.എച്ച്.എസ്.എസ്സിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ ജോലി ചെയ്ത് വരവേ 04/11/2010 ൽ മരണപ്പെട്ട സാജൻ എസ്. ന്റെ കുടുംബപെൻഷൻ, ടിയാന്റെ മാതാപിതാക്കൾക്ക് അനുവദിച്ച് കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.403/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 19/01/2022

---

പരാമർശം:-

1. ശ്രീമതി ഫാത്തിമാ ബീവിയുടെ 24/06/2020 ലെ അപേക്ഷ
2. 23/12/2019 ലെ ഇ3/193/2018 പൊ വി കത്ത്
3. 17/08/21 ലെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ജി5/11393/2015 നമ്പർ കത്ത്.
4. 27/12/21 ലെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ജി5/11393/2015 നമ്പർ കത്ത്.

**ഉത്തരവ്**

അഴൂർ ഗവ.എച്ച്.എസ്.എസ്സിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ ജോലി ചെയ്ത് വരവേ മരണപ്പെട്ട സാജൻ എസ്. ന്റെ കുടുംബപെൻഷൻ, ടിയാന്റെ മാതാപിതാക്കൾക്ക് അനുവദിക്കുന്നതിനുള്ള പരാമർശം 1 അപേക്ഷ സർക്കാർ പരിശോധിക്കുകയും പരാമർശം 2 പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു.

2. അഴൂർ ഗവ. എച്ച്.എസ്.എസ്-ൽ ജൂനിയർ എൽ.ജി (ഹിന്ദി)- ആയിരിക്കെ 04/11/2010 -ൽ മരണപെട്ട സാജൻ.എസ്-ന്റെ കുടുംബപെൻഷൻ, ടിയാന്റെ മാതാപിതാക്കൾക്ക് അനുവദിച്ച് കൊണ്ടുള്ള കത്താണ് സർക്കാരിൽനിന്ന് ലഭിച്ചത് എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നും ഗവൺമെന്റ് ഉത്തരവ് ആവശ്യപ്പെട്ടിരിക്കുന്നു എന്ന വിവരം വിദ്യാഭ്യാസ ഉപഡയറക്ടർ തിരുവനന്തപുരത്തിന്റെ പരാമർശം 4 കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. 04/11/2010 ൽ മരണപ്പെട്ട എസ്.സാജന്റെ കുടുംബ പെൻഷനുള്ള അപേക്ഷ 02 വർഷത്തിന് ശേഷമാണ് സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ തീയതിയായ 23.09.2019 പ്രാബല്യത്തിൽ സാജന്റെ മാതാപിതാക്കൾക്ക് തുല്യമായി കുടുംബപെൻഷൻ അനുവദിച്ച് കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം,

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 19-01-2022 10:13:18
Reason: Approved

സെക്ഷൻ ഓഫീസർ